മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം,

നമ്പർ:ബി 6/2722/2015/മെ.വി.കാ. തിരുവനന്തപുരം. തീയതി:17/09/2015

**പത്രക്കുറിപ്പ്**

**ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് 2015-2016**
**(പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം)**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2015-16-ൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിന് അപേക്ഷിച്ചവരുടെ താൽക്കാലിക റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും ഡി.എം.ഇ.യുടെ വെബ്സൈററിലും www.dme.kerala.gov.in. പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, സർക്കാർ നഴ്സിംഗ് കോളേജുകളിലും ലിസ്റ്റ് പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിനെക്കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ 2015 സെപ്ററംബർ മാസം 23-ാം തീയതിയ്ക്കു മുൻപായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

പ്രസ്തുത കോഴ്സിന്റെ ഫൈനൽ ലിസ്റ്റ് 2015 സെപ്ററംബർ മാസം 25-ാം തീയതി പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത കോഴ്സിന്റെ ഇന്റർവ്യൂ താഴെപ്പറയുന്ന സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

| തീയതി | സമയം | സ്ഥലം | റാങ്ക് വിവരം |
|---|---|---|---|
| 26/09/2015 | 10 AM-1PM . | മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം | റാങ്ക് 1 മുതൽ 75 വരെ |
| | 2 P.M. മുതൽ | മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം | 76 മുതൽ ലിസ്റ്റിലുള്ള എല്ലാ പട്ടികജാതിക്കാരും പട്ടിക വർഗ്ഗക്കാരും എല്ലാ ആൺകുട്ടികളും |

ഇന്റർവ്യൂവിന് പ്രോസ്പെക്ടസിൽ പറയുന്ന അസ്സൽ സർട്ടിഫിക്കററുകൾ ഹാജരാക്കേണ്ടതാണ്. നേരിട്ട് പ്രസ്തുത ഇന്റർവ്യൂ ദിവസം ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ, തങ്ങൾ ഇന്റർവ്യൂവിന് ഹാജരാകാൻ സാധിക്കാത്തത്തിന്റെ കാരണം രേഖാമൂലം ചുമതലപ്പെടുത്തുന്ന രക്ഷകർത്താക്കൾ വഴി അസ്സൽ സർട്ടിഫിക്കററുകൾ സഹിതം അന്നേദിവസം തന്നെ ഹാജരാക്കേണ്ടതാണ്. ഇന്റർവ്യൂവിന് പങ്കെടുക്കാത്തവരെ പിന്നീട് പരിഗണിക്കുന്നതല്ല.

Prasanna 17/09/15

ഡി.ഡി.എൻ.ഇ.

പകർപ്പ്:
1) പട്ടികജാതി വികസന ഡയറക്ടറേറ്, തിരുവനന്തപുരം
2) പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്, തിരുവനന്തപുരം
3) പബ്ലിക് റിലേഷൻസ് ഓഫീസർ, തിരുവനന്തപുരം
4) ആകാശവാണി, തിരുവനന്തപുരം/കോഴിക്കോട്
5. ദൂരദർശൻ, തിരുവനന്തപുരം/കോഴിക്കോട്

B/17/09/15